**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **13-10-2021 - ൽ മറുപടിയ്ക്ക്**

**ചക്കുളത്ത് കാവ് ക്ഷേത്രത്തിലെ തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ചക്കുളത്തുകാവ് ദേവീക്ഷേത്രത്തിലെ പൊങ്കാലയോട് അനുബന്ധിച്ച് തീർത്ഥാടർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ചക്കുളത്തുകാവ് ദേവീക്ഷേത്രത്തിലെ പൊങ്കാലയോട് അനുബന്ധിച്ച് ടി പ്രദേശത്തെ ക്രമസമാധാന പരിപാലനവും പൊതുജന സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കേണ്ട അടിയന്തര നടപടികളെക്കുറിച്ച് എല്ലാ വർഷവും ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ യോഗം ചേർന്നാണ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നത്. ചക്കുളത്ത് കാവ് ക്ഷേത്രത്തിലെ പൊങ്കാലയോട് അനുബന്ധിച്ച് എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി ആവശ്യമെങ്കിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദശം നൽകുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ചക്കുളത്ത് കാവ് ക്ഷേത്രത്തിൽ എത്തുന്ന തീർത്ഥാടകർക്ക് യാത്രാ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (ബി) | ചക്കുളത്തുകാവ് ദേവീക്ഷേത്രത്തിലെ പൊങ്കാലയോട് അനുബന്ധിച്ച് ടി പ്രദേശത്തെ ക്രമസമാധാന പരിപാലനവും പൊതുജന സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കേണ്ട അടിയന്തര നടപടികളെക്കുറിച്ച് എല്ലാ വർഷവും ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ യോഗം ചേർന്നാണ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നത്. ചക്കുളത്ത് കാവ് ക്ഷേത്രത്തിലെ പൊങ്കാലയോട് അനുബന്ധിച്ച് എത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ